**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് – കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാ.ധാ) നം. 338/15/തസ്വഭവ. തിരുവനന്തപുരം, തീയതി:29/01/2015**

പരാമർശം:- 1) പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 09/06/2014-ലെ പി1-1995/2013-ാം നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13/11/2014-ലെ LF/11585/PT1/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9 പ്രകാരം "വികലാംഗ വിദ്യാർത്ഥികൾക്ക് സംരക്ഷണം" എന്ന പദ്ധതിയനുസരിച്ച് സബ്സിഡി മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ച്, സാമൂഹിക ക്ഷേമ വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്പെഷ്യൽ സ്കൂളിന് വികസന ഫണ്ടിൽ നിന്നും 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) ചെലവ് ചെയ്തത് ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ പെരിനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/12/2013-ലെ IX(8)-ാം നമ്പർ കമ്മിറ്റി തീരുമാനം, ബന്ധപ്പെട്ട ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ചെലവു രേഖകൾ പഞ്ചായത്ത് കമ്മിറ്റിക്കും ആഡിറ്റിനും ബോദ്ധ്യപ്പെട്ടതാണെന്നും ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ വികലാംഗ വിദ്യാർത്ഥികൾക്കാണ് സഹായം നൽകിയിട്ടുള്ളതെന്നും ആയതിനാൽ പ്രസ്തുത പദ്ധതിയിനത്തിൽ ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ തികച്ചും മാനുഷിക പരിഗണന ഉൾക്കൊള്ളുന്ന ഒരു പദ്ധതിയായതിനാൽ മാനദണ്ഡങ്ങളിൽ ഇളവു നൽകി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സബ്സിഡി മാനദണ്ഡമനുസരിച്ച് ശാരീരിക, മാനസിക വൈകല്യമുള്ളവർക്കാണ് ധനസഹായം നൽകിയിരിക്കുന്നത് എന്നതിനാൽ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ

2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്, പെരിനാട് ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ